"ഭരണഭാഷ- മാതൃഭാഷ"

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

തിരുവനന്തപുരം,

തീയതി 20-11-2025

## റീ ടെണ്ടർ നോട്ടീസ്

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ പ്രചരണ സാമഗ്രികൾ കോംപാക്റ്റ് ഡിസ്കുകൾ, കത്തുകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവ വിവിധ ജില്ല ഇൻഫർമേഷൻ ഓഫീസുകളിലും ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിലും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലെ സ്ഥാപനങ്ങളിലും കൊറിയർ വഴി എത്തിക്കുന്നതിന് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുള്ള കൊറിയർ സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ക്ഷണിക്കുന്നു.

2. വർക്ക് ഓർഡർ പ്രകാരമുള്ള പാഴ്സലുകൾ സ്വന്തം ചെലവിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നോ വകുപ്പ് നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നോ ശേഖരിച്ച്, പായ്ക്ക് ചെയ്ത് കേടുകൂടാതെ, നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ എത്തിക്കേണ്ടതാണ്. കേരളത്തിനകത്തുള്ള മേൽവിലാസങ്ങളിൽ പരമാവധി 2 ദിവസത്തിനുള്ളിലും കേരളത്തിന് പുറത്തുള്ള വിലാസങ്ങളിൽ പരമാവധി ഒരാഴ്ച്ചയ്ക്കുള്ളിലും സാധനങ്ങൾ എത്തിക്കേണ്ടതാണ്. പാഴ്സലുകൾ ബന്ധപ്പെട്ട ഓഫീസിൽ /വ്യക്തികൾക്ക് ലഭിച്ചതു സംബന്ധിച്ച കൈപ്പറ്റ് രസീത് കൂടി ബില്ലിനൊപ്പം ഹാജരാക്കേണ്ടതാണ്.

3. ചില പ്രത്യേക സാഹചര്യങ്ങളിൽ ന്യൂഡൽഹിയിലും മറ്റും അടിയന്തരമായി പാഴ്സലുകൾ എത്തിക്കേണ്ടതായി വരും. അത്തരം സന്ദർഭങ്ങളിൽ 'By Air' കൊറിയർ ചെയ്ത് 24 മണിക്കൂറിനകം നിർദ്ദേശിച്ച സ്ഥലങ്ങളിൽ സാധനങ്ങൾ എത്തിക്കാനുള്ള ബാധ്യത കൊറിയർ സർവ്വീസിന് ഉണ്ടായിരിക്കും. 'By Air' കൊറിയർ സർവീസിന്റെയും കൈപ്പറ്റ് രസീത് ബില്ലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. പാഴ്സലുകൾ, പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവ കേരളത്തിനകത്തും പുറത്തും ഇന്ത്യയ്ക്ക് പുറത്തും അയക്കുന്നതിന് ഒരു കിലോയ്ക്കുള്ള സർഫസ് ചാർജ്ജ്, ഫ്ളൈറ്റ് ചാർജ്ജ് എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

5. അടിയന്തര പ്രാധാന്യത്തോടെ അയക്കുന്ന സാധനങ്ങളും സന്ദേശങ്ങളും യഥാസമയത്ത് ഉത്തരവാദിത്തത്തോടെ നിർദ്ദിഷ്ട സ്ഥലത്ത് എത്തിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ കരാറിലേർപ്പെടുന്ന ഏജൻസിക്ക് ഉണ്ടായിരിക്കണം.

6. ഇതിനുമുമ്പ് കരാർ ലഭിച്ച ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ

പരിഗണിക്കാതിരിക്കാനും കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുമുള്ള അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ടെൻഡറുകൾ സ്വീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച അന്തിമ അധികാരവും വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. കരാർ കാലാവധി ഒരു വർഷമായിരിക്കും.

7. ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസികൾ ടെണ്ടർ ഫീ ആയി 400/- രൂപ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ അക്കൗണ്ട്സ് സെക്ഷനിൽ ഒടുക്കി, TR - 5 രസീതിന്റെ പകർപ്പ് ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ നിരതദ്രവ്യമായി 2000/- രൂപ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ പേരിലുള്ള ചെക്ക് ആയോ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയോ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യമായി അടയ്ക്കുന്ന തുക ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം തിരികെ നല്കുന്നതാണ്.

ടെണ്ടറുകൾ ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ ..25-03-2026......നകം ലഭ്യമാക്കേണ്ടതാണ്.

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ

SUBHASH T.V. IAS
Director
Information & Public Relations Dept.
Govt. Secretariat
Thiruvananthapuram